# THE BIBLE TRUTH

Editor
P.K. VARGHESE

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 36 | MARCH 2021 | No. 03

## എഡിറ്റോറിയൽ

**ലോ**കം അതിന്റെ അന്ത്യത്തിലേക്ക് നീങ്ങി കൊണ്ടാണിരിക്കുന്നത്. ലക്ഷണങ്ങൾ കാണുമ്പോൾ നമുക്ക് അത് നിസംശയം പറയുവാൻ കഴിയും. ദൈവം ലോകത്തെ സൃഷ്ടിച്ചത് മനുഷ്യവാസത്തിനാണ്. എന്നാൽ മനുഷ്യരെ സൃഷ്ടിച്ചത്, ദൈവത്തെ അറിഞ്ഞ് അവനെ മഹത്വപ്പെടുത്തി ജീവിക്കുന്നതിനാണ്. പക്ഷെ ദൈവത്തിന്റെ ഉദ്ദേശത്തെ മനസിലാക്കാതെ പ്രലോഭനങ്ങളിൽ അകപ്പെട്ട് ദൈവവുമായുള്ള ബന്ധം വിഛേദിക്കുകയാണ്. അതായത് ലോകത്തിന്റെ ആകർഷണവലയത്തിൽ ആളുകൾ കൂടുതൽ ശ്രദ്ധിക്കുവാൻ തുടങ്ങി. ദൈവത്തിൽ ശ്രദ്ധിക്കാതെ നമ്മുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്ന ശക്തിയെ നാം തിരിച്ചറിയണം. അനുഗ്രഹത്തിനു പകരം ശാപം പിടിച്ചുവാങ്ങുകയാണ് എന്ന് പലരും ആ സമയത്ത് ചിന്തിക്കുകയില്ല..

ദൈവത്തിന്റെ പ്രമാണങ്ങൾ ലംഘിക്കാതിരിക്കണമെങ്കിൽ, ആളുകൾ അതിന്റെ വില മനസിലാക്കണം. അതിന് ആദ്യം ദൈവത്തെ അറിയണം. ദൈവം ആരാണെന്നും ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധം എന്താണെന്നും തിരിച്ചറിഞ്ഞാൽ നാം ആ ബന്ധം ഉലക്കുവാൻ ശ്രമിക്കുകയില്ല. ദൈവം പരമാധികാരിയും, സർവ്വജ്ഞാനിയും സർവ്വശക്തനുമാണ്. പക്ഷെ മനുഷ്യരോ അവന്റെ സൃഷ്ടി മാത്രമാണ്  നമ്മുടെ പരിമിതികൾ എല്ലാ രീതിയിലുമുള്ളത് നാം അംഗീകരിക്കുകയും, ദൈവസഹായത്തോടെ പരാജയങ്ങൾ ഒഴിവാക്കുവാനും യത്നിക്കണം. ലോകത്തെ ജയിച്ചത് യേശുക്രിസ്തു

മാത്രമാണ്. അവൻ എങ്ങനെ ലോകത്തെ അതിജീവിച്ചു എന്നു ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. മനുഷ്യരെ അവൻ സൃഷ്ടിച്ചപ്പോൾ നിഷ്ക്കളങ്കതയും നേരുമുള്ളവരായിട്ടാണ് മെനഞ്ഞത്. പക്ഷെ പിന്നീട് അവന്റെ നിരുപണങ്ങളെല്ലാം ദോഷമുള്ളതായി തീർന്നു. ദുഷിച്ച നിരുപണങ്ങൾ അഥവാ ദൈവത്തിനെതിരായ ചിന്തകളാണ് നമ്മുടെ പ്രവൃത്തികൾ മോശമാകുവാൻ കാരണം. ഓരോരുത്തരും ദൈവഹിതമാണ് മനസിലാക്കേണ്ടത്.

നിങ്ങളും ഞാനും ലോകത്തിൽ താൽക്കാലികമായി ജീവിക്കുന്നു. ദൈവത്തിന്റെ പരമമായ ഉദ്ദേശം നാം ദൈവവുമായി എന്നേക്കും ജീവിക്കണം എന്നതാണ്. അതിന് ദൈവം ലോകസ്ഥാപനത്തിനു മുൻപ് തന്നെ ഒരു പദ്ധതി രൂപപ്പെടുത്തി. അതിനോട് മനുഷ്യൻ യോജിക്കുകയാണ് വേണ്ടത്. അവനവന്റെ ഇഷ്ടം നടത്തുവാനാണ് ഭൂരിഭാഗം ആളുകളും ശ്രമിക്കുന്നത്. അപ്പോൾ സംഭവിക്കുന്ന കുഴപ്പം എന്തെന്നാൽ നമ്മുടെ അറിവ് പര്യാപ്തമല്ല എന്നതാണ്. പ്രാഥമികമായി ഒരാൾക്ക് ലഭിക്കുന്ന അറിവ് ലോകത്തിലെ മാതാപിതാക്കളിൽനിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുമാണ്. അവ എല്ലാം ലോകപ്രകാരമുള്ള അറിവ് മാത്രമാണ്. എന്നാൽ ദൈവത്തിന്റെ പരിജ്ഞാനത്താൽ വേണം നാം ദൈവത്തെ അറിയുവാനും അവനെ പ്രസാദിപ്പിക്കുവാനും.

ലോകാവസാനം ദൈവം ലോകത്തെയും ലോകത്തിലുള്ള എല്ലാറ്റിനേയും നശിപ്പിക്കും. കാരണം അതിനു ശേഷം മനുഷ്യർ ലോകത്തിൽ വസിക്കുകയില്ല. വരുവാനുള്ള ലോകത്തിലായിരിക്കും പിന്നീട് അവർ. ഉയർത്തെഴുന്നേറ്റ ശരീരത്തോടുകൂടെ ഒന്നുകിൽ ദൈവത്തോടുകൂടെ അല്ലെങ്കിൽ പിശാചിനോടും അവന്റെ ദുതന്മാരോടുകൂടെ. ദൈവം തന്നെ അനുസരിക്കുന്ന മക്കൾക്കായി ഒരുക്കിയിട്ടുള്ള സ്ഥാനമാണ് സ്വർഗം. അവിടെ പ്രവേശിക്കുവാനുള്ള അവസരം ഭൂമിയിൽ ജീവിക്കുമ്പോൾ ലഭ്യമാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാധ്യമല്ല. അവന്റെ വചനം കേട്ട് വേണം വിശ്വസിക്കുവാൻ, വിശ്വാസം വന്നാൽ പാപത്തെ വിട്ടുകളകയും, യേശുവിനെ ദൈവപുത്രൻ എന്നു ഏറ്റു പറകയും, പാപമോചനത്തിനായി സ്നാനം ഏൽക്കുകയും ചെയ്യുക.

✶

